മാതൃഭൂമി E-PAPER | October 09, 2026 | KASARAGOD | 02: Localnews | Search | Nijil

മാതൃഭൂമി E-PAPER

ഗുരുവനം കുന്നിടിക്കൽ

ജനങ്ങളുടെ ആശങ്ക പരിഹരിക്കാതെ മുന്നോട്ട് പോകാനാകില്ലെന്ന് നേതാക്കൾ

മടിക്കൈ-കാഞ്ഞങ്ങാട് വാർഡുകളിൽ വിപുലമായ യോഗം വിളിക്കാമെന്ന് പഞ്ചായത്ത്

കാഞ്ഞങ്ങാട് ▸ വ്യവസായ പാർക്കിനായി കാഞ്ഞങ്ങാട് ഗുരുവനം കുന്നിടിച്ച് നിരത്തുന്നതുമായി ബന്ധപ്പെട്ട് മടിക്കൈ ഗ്രാമപ്പഞ്ചായത്തിൽ നടന്ന പ്രത്യേക യോഗത്തിൽ ആശങ്ക പങ്കുവച്ച് നേതാക്കളും ജനപ്രതിനിധികളും. ജനങ്ങളുടെ ആശങ്ക പരിഹരിക്കാതെ മുന്നോട്ട് പോകാനാകില്ലെന്ന് നേതാക്കൾ പറഞ്ഞു. ഗുരുവനത്തിന്റെ താഴ്വാര പ്രദേശങ്ങളിലെ ജനങ്ങളെ ബോധവത്കരിക്കുന്ന തരത്തിൽ വിപുലമായ യോഗം വിളിക്കാമെന്ന് പഞ്ചായത്തിന്റെ ഉറപ്പ്. രണ്ട് യോഗങ്ങൾ വിളിക്കും. ഗുരുവനത്തിന്റെ പടിഞ്ഞാറൻ മേഖലകളിൽ കാഞ്ഞങ്ങാട് നഗരസഭയിലെ വാർഡുകളാണ്. മറ്റിടങ്ങളിൽ മടിക്കൈ പഞ്ചായത്തിന്റെ വാർഡുകളും. രണ്ടിടങ്ങളിലും വെവ്വേറെ യോഗം വിളിക്കാനാണ് തീരുമാനം.

കോഡിനേഷൻ കമ്മിറ്റി രൂപവത്കരിക്കും

▸അതിനു മുന്നോടിയായി കോഡിനേഷൻ കമ്മിറ്റി രൂപവത്കരിക്കും,പ്രശ്നം പരിശോധിക്കാനും ജനങ്ങളുടെ ആശങ്കയകറ്റുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടത്തുന്നതിന് മുൻകൈയ്യെടുക്കാനുമൊക്കെ ലക്ഷ്യമിട്ടാണ് കോഡിനേഷൻ കമ്മിറ്റിയുണ്ടാക്കുന്നത്.

അനന്തപുരം വ്യവസായ പാർക്കിലെ ചില പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ച് ഇവിടെ വലിയ പ്രശ്നങ്ങൾ വരാൻ പോകുന്നുവെന്ന പ്രചരണം നടക്കുന്നുണ്ടെന്നും അതിനാൽ കോഡിനേഷൻ കമ്മിറ്റി മുൻകൈയ്യെടുത്ത് രാഷ്ട്രീയ-മാധ്യമപ്രവർത്തകർ,

ഗുരുവനം കുന്ന് നിരത്തുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അവതരിപ്പിക്കാൻ വിളിച്ചു ചേർത്ത പ്രത്യേക യോഗത്തിൽ മടിക്കൈ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് വി. പ്രകാശൻ സംസാരിക്കുന്നു

ജനപ്രതിനിധികൾ എന്നിവരെയെല്ലാം ഉൾപ്പെടുത്തിയുള്ള ഒരു ടീമിനെ അനന്തപുരം വ്യവസായ പാർക്ക് സന്ദർശിപ്പിക്കണമെന്ന ആവശ്യവുമുയർന്നു. ഇതും പരിഗണിക്കുമെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചു. ജനങ്ങൾക്കും പ്രകൃതിക്കുമിണങ്ങുന്ന രീതിയിലുള്ള വികസനമാണ് ജനം ആഗ്രഹിക്കുന്നതെന്ന് ആമുഖമായി പറഞ്ഞ് ചർച്ചയ്ക്ക് തുടക്കമിട്ടത് ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് വി. പ്രകാശനാണ്. 'മാതൃഭൂമി'യിൽ തുടർച്ചയായി വന്ന വാർത്തയിൽ ജനം ആശങ്കാകുലരാണ്. അതുകൊണ്ട് തന്നെ ഗുരുവനം കുന്നുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങളുടെ നിജസ്ഥിതിയറിയാനാണ് യോഗം വിളിച്ചു ചേർത്തതെന്നും അത് ഗ്രാമപ്പഞ്ചായത്തിന്റെ ഉത്തരവാദിത്വമാണെന്നും പ്രകാശൻ പറഞ്ഞു.

ജനങ്ങളെ ബോധ്യപ്പെടുത്താതെ ഒരു പദ്ധതിയും ഒരടി മുന്നോട്ട് പോകില്ലെന്ന് സി.പി.എം. നീലേശ്വരം ഏരിയാസെക്രട്ടറി എം. രാജനും മടിക്കൈയിലെ ജനങ്ങൾക്ക് ദ്രോഹമാകുന്ന ഒരു വ്യവസായത്തിനും കൂട്ട് നിൽക്കില്ലെന്ന് ഏരിയാ കമ്മിറ്റിയംഗം ബി. ബാലനും പറഞ്ഞു.

വെള്ളത്തിന്റെ കാര്യത്തിൽ ആശങ്കയുണ്ടെന്ന് പഞ്ചായത്ത് ആസൂത്രണ സമിതി വൈസ് ചെയർമാൻ പ്രൊഫ. വി. കുട്ട്യൻ പറഞ്ഞപ്പോൾ, ഗുരുവനത്ത് യാതൊരു കാരണവശാലും കുഴൽക്കിണർ കുഴിക്കാൻ അനുവദിക്കുന്ന പ്രശ്നമില്ലെന്ന് സി.പി.എം. മുൻ ജില്ലാ സെക്രട്ടറിയേറ്റംഗം സി. പ്രഭാകരനും കൂട്ടിച്ചേർത്തു. പ്രദേശത്തെ ജനങ്ങൾക്ക് യാതൊരു പ്രയാസവുമുണ്ടാകരുതെന്നും അങ്ങനെയുണ്ടാകില്ലെന്ന് വെറുതെ പറഞ്ഞാൽപ്പോരെന്നും സി.പി.ഐ. നേതാവ് ബങ്കളം കുഞ്ഞിക്കൃഷ്ണൻ പറഞ്ഞു.

പ്രദേശത്തെ വീടുകളിലെ കിണറുകളിൽ വെള്ളം വറ്റുന്നുണ്ടെന്ന പ്രചരണം ശരിയല്ലെന്നായിരുന്നു വാർഡ് മെമ്പർ കെ. ഭാസ്കരന്റെ വിശദീകരണം. എന്നാൽ വെള്ളത്തിന്റെ വലിയ അറയാണ് ഗുരുവനം കുന്നെന്ന കാര്യത്തിൽ തർക്കമില്ലെന്നും അദ്ദേഹം പറഞ്ഞു. സി.പി.എം. മടിക്കൈ ലോക്കൽ സെക്രട്ടറി കെ. പ്രഭാകരനും ഗുരുവനം കുന്ന് ഉൾപ്പെടുന്ന കൂലോം റോഡ് ബ്രാഞ്ച് സെക്രട്ടറി പി. അശോകനും ആശങ്ക പങ്കുവച്ച് തന്നെയാണ് സംസാരിച്ചത്.

ഗുരുവനത്ത് നിന്ന് നിരന്തരം മണ്ണ് കൊണ്ടുപോകുന്നത് ജനങ്ങളിൽ വലിയ ആശങ്കയാണുണ്ടാക്കിയതെന്ന് കാഞ്ഞങ്ങാട് നഗരസഭാ കൗൺസിലർ രുക്മിണിയും പറഞ്ഞു. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. സുജാത, മടിക്കൈ ഗ്രാമപ്പഞ്ചായത്ത് മുൻ പ്രസിഡന്റ് എസ്. പ്രീത, കെ.സി.സി.പി. എൽ. എം.ഡി. ഡോ. ആനക്കൈ ബാലകൃഷ്ണൻ, വ്യവസായ വകുപ്പ് ജില്ലാ ജനറൽ മനേജർ കെ. സജിത്കുമാർ, വ്യവസായ വകുപ്പ് അസിസ്റ്റന്റ് ഓഫീസർ ആർ.കെ. സ്മിത, മടിക്കൈ പഞ്ചായത്ത് സെക്രട്ടറി എ. സജി, സി.പി.എം. നീലേശ്വരം ഏരിയാ കമ്മിറ്റിയംഗം ശശീന്ദ്രൻ മടിക്കൈ, എൻ. കുഞ്ഞിക്കൃഷ്ണൻ. എന്നിവർ സംസാരിച്ചു.

പൊതുപ്രവർത്തകന്റെ ഏഴ് ചോദ്യങ്ങൾ; കൃത്യമായ ഉത്തരമില്ലാതെ ഉദ്യോഗസ്ഥർ

▸ പൊതുപ്രവർത്തകനും സി.പി.എം. നീലേശ്വരം ഏരിയാ കമ്മിറ്റിയംഗവുമായ ശശീന്ദ്രൻ മടിക്കൈ ഏഴ് ചോദ്യങ്ങളുന്നയിച്ചു. പാരിസ്ഥിതികാഘാതപഠനം നടത്തിയിരുന്നോ, കുന്നിന്റെ ഉപരിതലത്തിൽ നേരിയതോതിൽ നിരപ്പാക്കി കെട്ടിടം പണിതുകൂടായിരുന്നോ, കല്ല് മുറിച്ചെടുത്ത് സ്ഥലമുണ്ടാക്കി കെട്ടിടം പണിയാമായിരുന്നില്ലേ, എന്തിനാണ് പാറ പൊടിച്ചത്, പാറയുടെ സ്വാഭാവിക ഉയരവ്യത്യാസത്തിനനുസരിച്ച് കെട്ടിടം നിർമിച്ചുകൂടേ, ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കാമായിരുന്നില്ലേ, 20,000 ടൺ മണ്ണ് കടത്താനുണ്ടെന്ന് കാണിച്ച് ഇവിടെ സ്ഥലമെടുത്ത ഒരു സംരംഭകൻ പരസ്യം ചെയ്തത് എന്തടിസ്ഥാനത്തിലാണ്, വ്യവസായവകുപ്പും കെ.സി.സി.പി. എല്ലും തമ്മിൽ കരാർ ഉണ്ടാക്കിയിരുന്നോ- ഇത്രയും ചോദ്യങ്ങളായിരുന്നു ശശീന്ദ്രന്റേത്. ഉത്തരം പറയാതെ വ്യവസായ വകുപ്പ് ഉദ്യോഗസ്ഥർ ഒഴിഞ്ഞുമാറിയപ്പോൾ ഒന്നോ രണ്ടോ ചോദ്യത്തിനുമാത്രം മറുപടി നൽകി കെ.സി.സി.പി. എൽ. എം.ഡിയും കൈയൊഴിഞ്ഞു.

യോഗത്തിൽ വിളിച്ചില്ലെന്ന ആക്ഷേപവുമായി ബി.ജെ.പി.

▸ ഗുരുവനം കുന്നിടിക്കുന്നതുമായി ബന്ധപ്പെട്ട ആശങ്കയകറ്റാൻ പഞ്ചായത്തിൽ നടന്ന യോഗത്തിൽ വിളിച്ചില്ലെന്ന ആക്ഷേപവുമായി ബി.ജെ.പി. അതിഭീകരമായ മണ്ണെടുപ്പ് മൂലം കുടിയൊഴിഞ്ഞ് പോകേണ്ട ഗതികേടിലേക്ക് നാടിനെ തള്ളിവിടുന്ന സാഹചര്യമുണ്ടാകുമ്പോൾ പലതും ഒളിക്കുന്നുണ്ടോയെന്ന സംശയം ജനിക്കുന്നുവെന്നും പ്രസിഡന്റ് എം. പ്രകാശന്റെ അധ്യക്ഷതയിൽ നടന്ന ബി.ജെ.പി. മടിക്കൈ പഞ്ചായത്ത് കമ്മിറ്റി യോഗം ആരോപിച്ചു. എ. വേലായുധൻ, ഇ. കൃഷ്ണൻ, എം. ശങ്കരൻ വാഴക്കോട്, ബിജി ബാബു, പി. മനോജ്കുമാർ, രതീഷ് കല്യാണം എന്നിവർ സംസാരിച്ചു.

വിശദീകരണവുമായി കെ.സി.സി.പി.എൽ.
ഒരുടൺ മണ്ണിന് കിട്ടുന്നത് 648 രൂപ, ചെലവ് 739 രൂപ; കടത്തിയത് വെറും 82 ടൺ

▸ഗുരുവനം കുന്നിടിച്ച മണ്ണുമായി നൂറുകണക്കിന് ലോഡുകൾ രാവും പകലും റോഡിലേക്കിറങ്ങുന്നുവെന്ന് നാട്ടുകാരും പരിസ്ഥിതിപ്രവർത്തകരുമെല്ലാം ആവർത്തിച്ച് പറയുമ്പോഴും കരാറേറ്റെടുത്ത കെ.സി.സി.പി.എൽ. വിശദീകരിക്കുന്നത് വെറും 82 ടൺ മണ്ണ് മാത്രമേ ഇതുവരെ കടത്തിയിട്ടുള്ളൂവെന്നാണ്.

മടിക്കൈ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് വി.പ്രകാശൻ വിളിച്ചുചേർത്ത പ്രത്യേക യോഗത്തിലാണ് സർക്കാർ പൊതുമേഖലാ സ്ഥാപനമായ കെ.സി.സി.പി.എൽ. എം.ഡി. ഡോ. ആനക്കൈ ബാലകൃഷ്ണന്റെ വിശദീകരണം. 2000 ടൺ മണ്ണ് എടുക്കാനേ അനുമതിയുള്ളൂവെന്നും അദ്ദേഹം പറയുന്നു. മണ്ണെടുപ്പിന്റെ കണക്കും വിശദീകരിക്കുന്നു എം.ഡി. അതിങ്ങനെയാണ്: 'സിമന്റ് ഉണ്ടാക്കാൻ ഉപയോഗിക്കുന്ന ലാറ്റൈറ്റ് മണ്ണാണ് ഗുരുവനത്തേത്. ഇത്തരം മണ്ണിന് ഒരു ടണ്ണിന്റെ വില 648 രൂപയാണ്.

കെ.സി.സി.പി.എല്ലിന് ഒരുടൺ മണ്ണെടുത്ത് ഫാക്ടറിയിലെത്തിക്കുമ്പോൾ ചെലവാകുന്നത് 739 രൂപയാണ്'. ഇദ്ദേഹം പറയുന്ന കണക്കനുസരിച്ചാണെങ്കിൽ 2000 ടൺ കടത്തുമ്പോൾ 1.82 ലക്ഷം രൂപ കെ.സി.സി.പി.എല്ലിന് നഷ്ടം. വ്യവസായം തുടങ്ങാൻ സംരംഭകർക്ക് സ്ഥലം പതിച്ചുകൊടുത്തെന്നും അവർ പറയുന്നതനുസരിച്ചാണ് നിരപ്പാക്കുന്നതെന്നും ഒരു മീറ്ററോ അതിൽ കുറവോ ഈ രീതിയിൽ വ്യത്യസ്തതരത്തിലാണ് ഓരോ ഭാഗത്തെയും മണ്ണെടുപ്പെന്നും അദ്ദേഹം വിശദീകരിച്ചു.

മണ്ണുകൊള്ളയൊന്നുമല്ലെന്ന് വ്യവസായകേന്ദ്രം ജനറൽ മാനേജർ

▸ഗുരുവനത്ത് മണ്ണുകൊള്ളയൊന്നും നടക്കുന്നില്ലെന്ന് വിശദീകരിച്ച് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കെ .സജിത്കുമാർ. വ്യവസായം തുടങ്ങാൻ സംരംഭകർക്ക് പശ്ചാത്തല സൗകര്യമൊരുക്കിക്കൊടുക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. കുന്ന് നിരപ്പാക്കാതെ എങ്ങനെയാണ് വ്യവസായശാലകൾ പണിയാനാകുക. അതിനാൽ സംരംഭകർ ആവശ്യപ്പെടുന്ന തരത്തിൽ മണ്ണെടുത്ത് നിരപ്പാക്കുന്നു. അതും സർക്കാരിന് കീഴിലുള്ള പൊതുമേഖലാസ്ഥാപനമായ കെ.സി.സി.പി.എൽ. എല്ലാം നിയമാനുസൃതമാണെന്നും അദ്ദേഹം പറഞ്ഞു.

ഡി.വൈ.എഫ്.ഐ. യുവജനപ്രതിഷേധം

ഡി.വൈ.എഫ്.ഐ. ജില്ലാ കമ്മിറ്റി നടത്തിയ യുവജനപ്രതിഷേധം സി.പി.എം. ജില്ലാ സെക്രട്ടറി എം. രാജഗോപാലൻ ഉദ്ഘാടനം ചെയ്യുന്നു

കാഞ്ഞങ്ങാട് ▸ ഡി.വൈ.എഫ്.ഐ. ജില്ലാ കമ്മിറ്റി യുവജനപ്രതിഷേധം നടത്തി. ആർ.എസ്.എസും യു.ഡി.എഫും രാഷ്ട്രീയ ഡീൽ ഉണ്ടാക്കിയെന്ന് ആരോപിച്ചും രാഷ്ട്രീയപകപോക്കലിനെതിരേയുമാണ് പ്രതിഷേധം. സി.പി.എം. ജില്ലാ സെക്രട്ടറി എം. രാജഗോപാലൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ഗിനീഷ് വെള്ളിക്കോത്ത് അധ്യക്ഷനായി. സംസ്ഥാന ജോയിന്റ് സെക്രട്ടറി രജീഷ് വെള്ളാട്ട്, ജില്ലാ സെക്രട്ടറി എം.വി. രതീഷ്, കെ. ആർ. അനിഷേധ്യ എന്നിവർ സംസാരിച്ചു.

വാർഷിക സമ്മേളനം നാളെ തുടങ്ങും

കാസർകോട് ▸ ആലംപാടിയിലെ മടവൂർക്കോട്ട വാർഷിക സമ്മേളനം ശനി, ഞായർ ദിവസങ്ങളിൽ നടക്കും. യഹ്യ ബുഖാരി തങ്ങളുടെ നേതൃത്വത്തിലുള്ള ഈ ആത്മീയ മന്ദിരത്തിലെ വാർഷികത്തോട് അനുബന്ധിച്ച് ശനിയാഴ്ച രാവിലെ ആറിന് മൗലീദ്, 10-ന് ജീലാനി പ്രകീർത്തനം എന്നിവ നടക്കും.

12-ന് നടക്കുന്ന സാംസ്കാരിക സമ്മേളനം കല്ലട്ര മാഹിൻ എം.എൽ.എ. ഉദ്ഘാടനം ചെയ്യും. തൊഴിയൂർ കുഞ്ഞി മുഹമ്മദ് സഖാഫി അധ്യക്ഷനാകും. വൈകിട്ട് നാലിന് നടക്കുന്ന അനുസ്മരണ സമ്മേളനത്തിൽ അബ്ദുൾ സമദ് അൻവരി പ്രഭാഷണം നടത്തും. ഞായറാഴ്ച രാവിലെ 10-ന് മടവൂർ മൗലീദ്, 11-ന് ആത്മീയ വേദി അബ്ദുൾ മജീദ് ബാഖവി ഉദ്ഘാടനം ചെയ്യും. യഹ്യ ബുഖാരി തങ്ങൾ അധ്യക്ഷത വഹിക്കും. ഉച്ചയ്ക്ക് 2.30-ന് ശാദുലി റാത്തീബ് തുടർന്ന് കൂട്ടപ്രാർഥനയോടെ സമാപിക്കുമെന്നു സംഘാടകർ പത്രസമ്മേളനത്തിൽ അറിയിച്ചു. യഹ്യ ബുഖാരി തങ്ങൾ, കെ.എം. നുറുദ്ദീൻ ഷറഫ് തങ്ങൾ, എൻ.കെ. അഫ്ലാഹ് എന്നിവർ പങ്കെടുത്തു.

കമ്പോള വിലനിലവാരം
കുരുമുളകിന് 100 രൂപ കൂടി

മട്ടാഞ്ചേരി ▸ കുരുമുളക് അൺഗാർബിൾഡ് ക്വിന്റലിന് 100 രൂപ വർധിച്ച് വില 70,500 രൂപയായി. ഗാർബിൾഡിന് 72,500 രൂപയിലെത്തി. വെളിച്ചെണ്ണ വിലയിൽ മാറ്റമില്ല.

കാസർകോട്

കയിലെ വില	
അരി എ.പി.എം.	4600
ജയ	4900
ആദിശക്തി	4600
ആനമാർക്ക്	6400
മഹാലക്ഷ്മി	5300
പച്ചരി ഓർഡിനറി	3000
.. സൂപ്പർ ഫൈൻ	6500
മുളക് പാരി	46000
തേങ്ങാപ്പിണ്ണാക്ക്	3400
എള്ളുപിണ്ണാക്ക്	1900
പഞ്ചസാര	5500
വെല്ലം മാണ്ഡ്യ	5200
വെളിച്ചെണ്ണ(പെട്ടി)	2650
മൈദ (50 കി.)	2200
കുരുമുളക്	67000
തേങ്ങ (പച്ച)	4800
തേങ്ങ (ഉണക്ക്)	5300
കൊപ്ര	14000
അടയ്ക്ക (പുതിയത്)-	28000-35000
അടയ്ക്ക	47000
പഴയത്-	55000.
റബ്ബർ ലോട്ട്	25000
ഒട്ടുപാൽ	17000
അടയ്ക്ക പുതിയത്	45000
അടയ്ക്ക (പഴയത്)	49000
തേങ്ങ	5100

കാഞ്ഞങ്ങാട്

കുരുമുളക് (പുതിയത്)	67500
റബ്ബർ ഗ്രേഡ്	27500
റബ്ബർ ലോട്ട്	25000
ഒട്ടുപാൽ	16000
കൊപ്ര	13500
അടയ്ക്ക പുതിയത്	30000-45000
അടയ്ക്ക (പഴയത്)	52000
ജാതിക്ക	300-320.
ജാതിപത്രി	1400-1800.

വെള്ളരിക്കുണ്ട്

കുരുമുളക് (പുതിയത്)	68000
റബ്ബർ ഗ്രേഡ്	28000

കൊച്ചി

വെളിച്ചെണ്ണ തയ്യാർ	24900.00
മില്ലിങ്	25400.00
കൊപ്ര എടുത്തപടി	15500.00
എഫ്.എ.ക്യൂ.	15700.00
ആർബിഡി പാംഓയിൽ	14250.00
കുരുമുളക് 500 ജിഎൽ	69500.00
അൺഗാർബിൾഡ്	70500.00
ഗാർബിൾഡ്	72500.00
ചുക്ക് മീഡിയം	34000.00
ചുക്ക് ബെസ്റ്റ്	36000.00
കയർ നേരിയത്	3800 - 4200.00
അടയ്ക്ക	36000.00
മഞ്ഞൾ സേലം	20000.00
മഞ്ഞൾ അമ്മാർക്ക് (ഈറോഡ്)	20500.00
ജാതിക്ക ഗുഡ്	320.00
പരിപ്പ് ഗുഡ്	580 - 620.00
പരിപ്പ് സെക്കൻഡ്	160.00
ജാതിപത്രി ചുവപ്പ് സെക്കൻഡ്	350.00
ജാതിപത്രി ചുവപ്പ്	1500.00
ചുവപ്പ് ഫ്ളവർ	1850.00
ഫുൾ ഫ്ളവർ	2000.00
ജാതിപത്രി മഞ്ഞ	1700.00
മഞ്ഞ ഫ്ളവർ ഗുഡ്	2100 - 2200.00
ഹൈറേഞ്ച് കായ	450.00
ഹൈറേഞ്ച് പരിപ്പ്	670 - 700.00
ഹൈറേഞ്ച് ഫ്ളവർ ചുവപ്പ്	2100 - 2200.00
മഞ്ഞ ഫ്ളവർ	2200 - 2300.00

റബ്ബർ മാർക്കറ്റ് - കോട്ടയം

ആർ.എസ്.എസ്. 4	28200.00
ആർ.എസ്.എസ്. 5	27700.00
ഐ.എസ്.എൻ.ആർ.20	26550.00
60% ലാറ്റക്സ്	20340.00

കേന്ദ്ര സർവകലാശാലയിലെ പ്രതിഷേധം: 25 വിദ്യാർഥികളുടെ പേരിൽ സ്വമേധയാ കേസെടുത്ത് പോലീസ്

പെരിയ ▸ കേന്ദ്ര സർവകലാശാലയിലെ വന്ദേമാതരം സെമിനാറുമായി ബന്ധപ്പെട്ട് നടന്ന പ്രതിഷേധത്തിൽ പങ്കെടുത്തതിന് കണ്ടാലറിയുന്ന 25 വിദ്യാർഥികൾക്കെതിരെ ബേക്കൽ പോലീസ് സ്വമേധയാ കേസെടുത്തു. ബേക്കൽ ഇൻസ്പെക്ടർ പി.അജിത്ത് കുമാറിന്റെ പരാതിയിൽ വിവിധ വിദ്യാർഥി സംഘടനകളിൽപ്പെട്ട 25 പേർക്കെതിരെയാണ് കേസെടുത്തത്. ദേശീയ സെമിനാർ അലങ്കോലപ്പെടുത്തിയെന്നു പറഞ്ഞാണ് നടപടി.

ഗവർണറുടെ സന്ദർശനവുമായി ബന്ധപ്പെട്ട ക്രമസമാധാനപാലന ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥനാണ് പരാതിക്കാരൻ.

വന്ദേമാതരത്തിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ച് കേന്ദ്ര സർവകലാശാലയിൽ, സാഹിത്യ അക്കാദമി അഖില ഭാരതീയ സാഹിത്യ പരിഷത്തുമായി സഹകരിച്ചു നടത്തിയ ദേശീയ സെമിനാറിലാണ് സംഭവം. സമാപനച്ചടങ്ങിൽ മുഖ്യാതിഥിയായ ഗവർണറുടെ പ്രസംഗത്തിനുശേഷം നടന്ന സെമിനാറിൽ സർവകലാശാലയിലെ ലിംഗ്വിസ്റ്റിക്ക് വിഭാഗം പ്രൊഫസറും പ്രോക്ടറുമായ പി.ശ്രീകുമാറിന്റെ പ്രബന്ധാവതരണമാണ് വിദ്യാർഥികൾ തടസ്സപ്പെടുത്തിയത്.

സ്റ്റേജിന്റെ തൊട്ടുതാഴെയായി 25-ഓളം വിദ്യാർഥികൾ ചെരിപ്പ്, ഷൂ എന്നിവ ഉയർത്തി ശ്രീകുമാർ പ്രബന്ധാവതരണം നിർത്തണമെന്നാവശ്യപ്പെട്ട് ബഹളംവെച്ചിരുന്നു. ഇവരോട് അടങ്ങിയിരിക്കാൻ പോലീസ് ആവശ്യപ്പെട്ടിട്ടും ആ നിർദേശം അംഗീകരിക്കാതെ കൂടുതൽ അക്രമാസക്തമായി മുദ്രാവാക്യങ്ങൾ മുഴക്കി മുന്നോട്ടുനീങ്ങി. അപ്പോൾ ബലപ്രയോഗത്തിലൂടെ കുട്ടികളെ മാറ്റിയെന്നും കൂടുതൽ ക്രമസമാധാനപ്രശ്നങ്ങൾ ഒഴിവാക്കാൻ തത്കാലം അറസ്റ്റ് ചെയ്യാതെ വിടുകയായിരുന്നുവെന്നും പരാതിയിൽ പറയുന്നുണ്ട്.

എസ്.എഫ്.ഐ. മാർച്ച് ഇന്ന്

▸എസ്.എഫ്.ഐ. ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പെരിയ കേന്ദ്ര സർവകലാശാലയിലേക്കുള്ള പ്രതിഷേധ മാർച്ച് വെള്ളിയാഴ്ച നടക്കും. രാവിലെ 10.30-നാണ് മാർച്ച് സംഘടിപ്പിക്കുന്നത്. എസ്.എഫ്.ഐ. യൂണിറ്റ് ഭാരവാഹികൾ ഉൾപ്പെടെയുള്ള വിദ്യാർഥികളെ സസ്പെൻഡ് ചെയ്ത നടപടി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടാണിത്.

സസ്പെൻഷനിലൂടെപ്രതിഷേധം അടിച്ചമർത്താനാകില്ല -കെ.എസ്.യു.

▸ വിദ്യാർഥികളെ സസ്പെൻഡ് ചെയ്യതിലൂടെ പ്രതിഷേധങ്ങളെ അടിച്ചമർത്താനാകില്ലെന്ന് കെ.എസ്.യു. ജില്ലാ പ്രസിഡന്റ് പറഞ്ഞു.

പ്രതിഷേധിച്ചവരെ രാജ്യവിരുദ്ധരായി ചിത്രീകരിക്കാനുള്ള ശ്രമം ഗവർണറുടെ ഭാഗത്തുനിന്നുണ്ടായി. ഇതിൽ പ്രതിഷേധിച്ച വിദ്യാർഥികളെ സസ്പെൻഷൻ നൽകി ഭയപ്പെടുത്തി അവരുടെ ശബ്ദങ്ങളെ നിശ്ശബ്ദമാക്കാമെന്ന ധാരണ തെറ്റാണ്. വിദ്യാർഥികൾക്കെതിരേയുള്ള നടപടി ജനാധിപത്യവിരുദ്ധമാണെന്നും ജവാദ് കൂട്ടിച്ചേർത്തു.

അഞ്ച് വിദ്യാർഥികൾക്ക് സസ്പെൻഷൻ

കാസർകോട് ▸ കേന്ദ്ര സർവകലാശാലയിൽ വന്ദേമാതരം ദേശീയ സെമിനാറിനിടെ പ്രതിഷേധിച്ച വിദ്യാർഥികൾക്കെതിരെ പോലീസ് കേസെടുത്തതിനുപിന്നാലെ സസ്പെൻഷനും. അഞ്ച് വിദ്യാർഥികളെയാണ് കേന്ദ്ര സർവകലാശാല സസ്പെൻഡ് ചെയ്തത്.

എസ്.എഫ്.ഐ., എൻ.എസ്.യു.ഐ., എം.എസ്.എഫ്. ഭാരവാഹികൾക്കെതിരേയാണ് നടപടി. എസ്.എഫ്.ഐ.യിലെ എസ്.സെയ്ത് അലി, വി.ബി.ആവേദ്, എം.എസ്.എഫിലെ ശബീർ, തഖിയുദ്ദീൻ, എൻ.എസ്.യു.ഐ.യുടെ യാസീൻ എന്നിവർക്കെതിരേയാണ് നടപടി. ഡി.എസ്.ഡബ്ല്യു., സാഹിത്യ അക്കാദമി, സെമിനാർ സംഘാടകർ എന്നിവരുടെ പരാതിയിലും സെക്യൂരിറ്റി റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് നടപടി. അതേസമയം കണ്ടാലറിയാവുന്ന 25 പേർക്കെതിരേയാണ് പോലീസ് കേസെടുത്തിരിക്കുന്നത്. സംഘം ചേർന്ന് സെമിനാർ അലങ്കോലപ്പെടുത്തിയെന്നാണ് പോലീസിന്റെ എഫ്.ഐ.ആറിൽ വ്യക്തമാക്കിയിട്ടുള്ളത്.

ഗ്യാനേഷ് കുമാർ രാജിവെക്കും വരെ സമരരംഗത്ത് ഉണ്ടാകും- രാജമോഹൻ ഉണ്ണിത്താൻ എം.പി.

കോൺഗ്രസ് ജില്ലാ കമ്മിറ്റിയുടെയും കാഞ്ഞങ്ങാട് ബ്ലോക്ക് കമ്മിറ്റിയുടെയും നേതൃത്വത്തിൽ നടന്ന നൈറ്റ് മാർച്ച് രാജ്മോഹൻ ഉണ്ണിത്താൻ എം.പി. ഉദ്ഘാടനം ചെയ്യുന്നു

കാഞ്ഞങ്ങാട് ▸ ജനാധിപത്യത്തിന്റെ കരുത്തും കാതലുമായ വോട്ടവകാശം ഇല്ലാതാക്കിയ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യും വരെ കോൺഗ്രസ് സമരരംഗത്ത് ശക്തമായി നിലകൊള്ളുമെന്ന് രാജ്മോഹൻ ഉണ്ണിത്താൻ എം.പി. പറഞ്ഞു. കോൺഗ്രസ് ജില്ലാ കമ്മിറ്റിയുടെയും കാഞ്ഞങ്ങാട് ബ്ലോക്ക് കമ്മിറ്റിയുടെയും നേതൃത്വത്തിൽ സംഘടിപ്പിച്ച നൈറ്റ് മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഡി.സി.സി. പ്രസിഡന്റ് പി.കെ. ഫൈസൽ അധ്യക്ഷനായി. കെ. നീലകണ്ഠൻ എം.എൽ.എ., ബി.പി. പ്രദീപ് കുമാർ, പി.വി. സുരേഷ്, ശ്രീജിത്ത് മാടക്കല്ല്, രാജൻ പെരിയ, ഉമേഷൻ വേളൂർ, മഡിയൻ ഉണ്ണികൃഷ്ണൻ, വി. ഗോപി, കാർത്തികേയൻ പെരിയ, ചന്ദ്രശേഖരൻ, ഏർവാട്ടു മോഹനൻ, വി. രാധാകൃഷ്ണൻ, മനോജ് തോമസ്, സന്തോഷ് ചാക്കോ എന്നിവർ സംസാരിച്ചു.

രക്ഷിതാക്കളോടും അധ്യാപകരോടും മനസ്സ് തുറക്കാൻ വിദ്യാർഥികൾക്ക് കഴിയണം-എം.വി. മോഹൻദാസ് മേനോൻ

കാഞ്ഞങ്ങാട് ▸ രക്ഷിതാക്കളോടും അധ്യാപകരോടും കൂട്ടുകാരോടും മനസ്സുതുറക്കുന്നവരാകണം വിദ്യാർഥികളെന്ന് റോട്ടറി ഡിസ്ട്രിക്ട് ഗവർണർ എം.വി. മോഹൻദാസ് മേനോൻ പറഞ്ഞു. മദ്യത്തിനും മയക്കുമരുന്നിനുമെതിരേ സംസ്ഥാനത്ത് എക്സൈസ് വകുപ്പ് നടപ്പാക്കുന്ന വിമുക്തിമിഷൻ പദ്ധതിയുടെ ഭാഗമായി കാഞ്ഞങ്ങാട് നെഹ്റു കോളേജിനെ ജില്ലയിലെ ലഹരിവിമുക്ത കാമ്പസായി പ്രഖ്യാപിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കാഞ്ഞങ്ങാട് നെഹ്റു കോളേജിനെ ജില്ലയിലെ ലഹരിവിമുക്ത കാമ്പസായി പ്രഖ്യാപിക്കുന്ന ചടങ്ങ് റോട്ടറി ഡിസ്ട്രിക്ട് ഗവർണർ എം.വി. മോഹൻദാസ് മേനോൻ ഉദ്ഘാടനം ചെയ്യുന്നു

കോളേജ് പ്രിൻസിപ്പൽ പി.വി. റിജ അധ്യക്ഷത വഹിച്ചു. അസി. എക്സൈസ് കമ്മിഷണറും വിമുക്തിമിഷൻ മാനേജറുമായ അൻവർ സാദത്ത് ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. തണ്ടർ ക്ലബ് ഇൻചാർജ് ഡോ. നന്ദകുമാർ കോറോത്ത്, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ ഡോ. പി. രജീഷ്, അസി. എക്സൈസ് ഇൻസ്പെക്ടർ എം. രാജീവൻ, എക്സൈസ് സ്റ്റാഫ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് പി. ഗോവിന്ദൻ, എക്സൈസ് പ്രിവന്റീവ് ഓഫീസർ എ. ജയരാജൻ, വിമുക്തി ജില്ലാ കോഡിനേറ്റർ കെ.എം. സ്നേഹ, കോളേജ് യൂണിയൻ മെമ്പർ ശിവപ്രസാദ് എന്നിവർ സംസാരിച്ചു.

പഠനസമാരംഭ പരിപാടി

കാസർകോട് ▸ കേരള കേന്ദ്ര സർവകലാശാലയിൽ ബിരുദവിദ്യാർഥികളുടെ പഠനസമാരംഭ പരിപാടി സംഘടിപ്പിച്ചു. കോഴിക്കോട് എൻ.ഐ.ടി. ഡയറക്ടർ പ്രൊഫ. പ്രസാദ് കൃഷ്ണ ഉദ്ഘാടനം ചെയ്തു. സർവകലാശാലാ വൈസ് ചാൻസലർ പ്രൊഫ. സിദ്ദു പി. അൽഗുർ അധ്യക്ഷനായി. പരീക്ഷാ കൺട്രോളർ ഡോ. ആർ. ജയപ്രകാശ്, പ്രൊഫ. എം.സി. മിനിമോൾ, പ്രൊഫ. ജോസഫ് കോയിപ്പള്ളി, പ്രൊഫ. രാജേന്ദ്ര പിലാങ്കട്ട, പ്രൊഫ. പി. ശ്രീകുമാർ എന്നിവർ സംസാരിച്ചു.

സിനിമ

ചെറുവത്തൂർ-പാക്കനാർ 2K-3D7.1: 9447438333
- അവറാച്ചൻ ആൻഡ് സൺസ് 10.30 1.30, 4.30, 7.30, 10.30

കാവേരി സിനിമാസ് Ph: 8848733043 കർമ്മംതോടി-മുള്ളേരിയ
- PREMADA OORALI 2D (മ) 1.30, 4.30, 7.30, 10.30
- ആരംഭം ഒരു അൽബാനിയോ കഥ 2D (മ) 10.30, 07.30

പി.വി. ദിൽഷ ദേശീയ മത്സരത്തിലേക്ക്

വെള്ളിക്കോത്ത് ▸ ഛത്തീസ്ഗഢ് ബിലായിൽ നടക്കുന്ന ദേശീയ സബ്ജൂനിയർ ബോൾ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ സംസ്ഥാന ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ട് വെള്ളിക്കോത്ത് മഹാകവി പി. സ്മാരക. ഗവ. എച്ച്.എസ്.എസിലെ പി.വി. ദിൽഷ. അടോട്ടെ ബി. കരുണാകരന്റെയും പി.വി. ഉഷയുടെയും മകളാണ്. ഇരട്ടസഹോദരി ദിൽനയും ബാഡ്മിന്റൺ താരമാണ്.



പി.വി. ദിൽഷ

BEFORE THE HONOURABLE DEBTS RECOVERY TRIBUNAL-I
(KERALA AND LAKSHADWEEP)
ERNAKULAM
[1st Floor, KSHB Building, Panampilly Nagar, Cochin-36]
O.A.NO. 319 OF 2026

Dhanlaxmi Bank Ltd, Kanhangad Branch - **Applicant**
M/s Annam Marketing & Others - **Defendants**

Whereas **O.A.No. 319/2026** was listed before the Registrar Court, Ernakulam on 14.09.2026

WHEREAS the Hon'ble Tribunal is pleased to issue summons on the said application under Section 19(4) of the Act. (O.A.) filed against you for recovery of debts of Rs. 20,93,815.42 (Rupees Twenty Lakh Ninety Three Thousand Eight Hundred Fifteen and Paise Forty Two only)

In accordance with the sub section (4) of the Section 19 of the Act, you, the defendants are directed as under:-

i. To show cause within thirty days of the service of summons as to why relief prayed for should not be granted.
ii. To disclose particulars of properties or assets other than the properties and assets specified by the applicant in the schedule under serial No.XII of the original application.
iii. You are restrained from dealing with or disposing of secured assets or such other assets and properties in the schedule under serial No.XII of the original application, pending hearing and disposal of the application for attachment of the properties.
iv. You shall not transfer by way of sale, lease or otherwise, except in the ordinary course of business any of the assets over which security interest is created and/or other assets and properties specified or disclosed in the schedule under serial No.XII of the original application without the prior approval of the Tribunal.
v. You shall be liable to account for the sale proceeds realized by sale of the secured assets or other assets and properties in the ordinary course of business and deposit such sale proceeds in the account maintained with the bank or financial institutions holding security interest over such assets.

You are also directed to file written statement with a copy thereof furnished to the applicant and to appear before the Registrar Court, Ernakulam on 26.10.2026 at 11.00 A.M failing which the application shall be heard and decided in your absence.
Given under my hand and seal of this Tribunal on this the 3rd day of October, 2026.
M/s Annam Marketing, Room No. 475 P, Ward 11, Thattummal, Kodombelur, Kasargod, Kerala- Pin 671531

By order of the Tribunal,
Registrar, Debts Recovery Tribunal -I, Ernakulam.

पंजाब नैशनल बैंक punjab national bank ...the name you can BANK upon!
അസറ്റ് റിക്കവറി മാനേജ്മെന്റ് ശാഖ, കോഴിക്കോട്
ശതാബ്ദി ഭവൻ, മിനി ബൈപാസ് റോഡ്,
ഗോവിന്ദപുരം, കോഴിക്കോട് – 673016, E-mail: cs8269@pnb.bank.in

സ്ഥാവര വസ്തുക്കളുടെ ലേല വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ന്റെ പ്രൊവിഷൻ റൂൾ 9 (1) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ – ലേല വിൽപ്പന നോട്ടീസ്.
താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ / ചാർജ്ജുള്ളതുമായ വസ്തുക്കൾ **ബാങ്കിന്റെ/സെക്യൂർഡ് ക്രെഡിറ്ററുടെ** അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ **"എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപ്പന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചു കൊള്ളുന്നു. കരുതൽ വിലയും നിരതദ്രവ്യ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

ലോട്ട് നം.	ശാഖയുടെ പേര്/അക്കൗണ്ടിന്റെ പേര് / വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും	വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ)	(എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി (ബി) കുടിശ്ശിക തുക (സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി, (ഡി) കൈവശമെടുത്ത രീതി പ്രതീകാത്മക/ പ്രത്യക്ഷമായി/ക്രിയാത്മകമായി
1	ശാഖ: ARMB കോഴിക്കോട് **കുതിരുമ്മൽ ഏജൻസീസ്** 1) **ശ്രീ. രഞ്ജിത്ത്. കെ** (പ്രൊപ്രൈറ്റർ M/s കുതിരുമ്മൽ ഏജൻസീസ്, S/o ബാലൻ കെ രാജ് വില്ല, GV HSS, കാഞ്ഞങ്ങാട്, സൗത്ത് പി ഒ ഹൊസ്ദുർഗ്, കാസർകോട്- 671531 (2) **ശ്രീമതി. ജാനകി വി.വി.** (ജാമ്യക്കാരി & പണയക്കാരി) W/o കുമാരൻ കാവുന്തല കാവുന്തല കൊവ്വൽ സ്റ്റോർ, കാഞ്ഞങ്ങാട് സൗത്ത് പി ഒ, ഹൊസ്ദുർഗ്, കാസർകോട്- 671531	കാസർഗോഡ് ജില്ലയിൽ, ഹോസ്ദുർഗ് താലൂക്കിൽ, കാഞ്ഞങ്ങാട് വില്ലേജിൽ, സർവ്വേ നം. 64/3ൽ പെട്ട ശ്രീമതി. ജാനകി വി.വി. പേരിലുള്ള 5.00 സെന്റ് സ്ഥലവും അതിലിരിപ്പ് താമസയോഗ്യമായ കെട്ടിടവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്:** കുഞ്ഞിക്കണ്ണൻ കൈവശം സ്ഥലം, **തെക്ക്:** കുഞ്ഞിക്കണ്ണൻ കൈവശം സ്ഥലം, **പടിഞ്ഞാറ്:** രാഘവൻ കൈവശം സ്ഥലം, **വടക്ക്:** മുനിസിപ്പാലിറ്റി റോഡ്.	(എ) 13(2) - 27-06-2025 (ബി) 31.08.2026ലെ രൂപ **36,77,054.88** യും 01.09.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) **കൈവശ നോട്ടീസ് തീയതി: 20-09-2025** (ഡി) പ്രത്യക്ഷ കൈവശം (10-08-2026) (എ) കരുതൽ വില: രൂപ 26.80 ലക്ഷം (ബി) നിരതദ്രവ്യം: രൂപ 2.68 ലക്ഷം (സി) ലേല വർദ്ധന തുക: രൂപ 0.10 ലക്ഷം
	സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാധ്യതയുടെ വിശദാംശങ്ങൾ: ഇല്ല		
2	ശാഖ: ARMB കോഴിക്കോട് **പാഷൻ ടൈൽസ് & ഗ്രാനൈറ്റ്** (1) **M/s പാഷൻ ടൈൽസ് & ഗ്രാനൈറ്റ്** (പ്രൊപ്രൈറ്റർ ശ്രീ. വിനോദ് കുമാർ ജി), ഡോർ നമ്പർ: 11/252 എ (പഴയ നമ്പർ), ചട്ടഞ്ചാൽ, ചെമ്മനാട് പോസ്റ്റ്, കാസർഗോഡ്- 671 541, (2) **ശ്രീ. വിനോദ് കുമാർ ജി,** S/o കടുങ്ങൻ നമ്പ്യാർ, (3) **ശ്രീമതി. ശ്യാമള വിനോദ്** (ജാമ്യക്കാരി) ഇരുവരും താമസം: ഗ്രീഷ്മം, വിദ്യാനഗർ, കാസർഗോഡ്- 671123	കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ, കാസർഗോഡ് വില്ലേജിൽ, റീ സർവേ നം. 295/1pt ൽ പെട്ട ശ്രീ. വിനോദ് കുമാർ.ജി യുടെ പേരിലുള്ള 11.50 സെന്റ് സ്ഥലവും അതിലിരിപ്പ് താമസയോഗ്യമായ കെട്ടിടവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്:** ശ്രീ. ജി വിനോദ് കുമാർ വക പ്ലോട്ട്, **വടക്ക്:** ശ്രീ. ജി വിനോദ് കുമാർ വക പ്ലോട്ട്, **പടിഞ്ഞാറ്:** ശ്രീ. ജി വിനോദ് കുമാർ വക പ്ലോട്ട്, **തെക്ക്:** സ്വകാര്യ റോഡ്.	(എ) 13(2) - 18.12.2017 (ബി) 31.08.2026ലെ രൂപ **1,04,78,801.79** യും 01.09.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) **കൈവശ നോട്ടീസ് തീയതി: 28.11.2018** (ഡി) പ്രത്യക്ഷ കൈവശം (എ) കരുതൽ വില: രൂപ 41.40 ലക്ഷം (ബി) നിരതദ്രവ്യം: രൂപ 4.14 ലക്ഷം (സി) ലേല വർദ്ധന തുക: രൂപ 0.10 ലക്ഷം
	സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാധ്യതയുടെ വിശദാംശങ്ങൾ: ഇല്ല		

ഇ – ലേല തീയതിയും സമയവും: 27-10-2026ന് രാവിലെ 11.00 മണി മുതൽ വൈകിട്ട് 5.00 മണി വരെ
നിരതദ്രവ്യം സമർപ്പിക്കാനുള്ള അവസാന തീയതി: 26-10-2026
വസ്തു പരിശോധന: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടുകൂടി : 23-10-2026

ഇ – ലേലത്തിന്റെ വ്യവസ്ഥകളും നിബന്ധനകളും: വിൽപ്പന, 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിൽ പ്രതിപാദിക്കപ്പെട്ട നിബന്ധനകൾക്കും താഴെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായിരിക്കും. (1) വസ്തുക്കളുടെ വിൽപ്പന "എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ" എന്ന അടിസ്ഥാനത്തിൽ ആയിരിക്കും. (2) മേൽപ്പറഞ്ഞ വസ്തുക്കളിൽ വസ്തുക്കളുടെ വിശദാംശങ്ങൾ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽപ്പെട്ടിടത്തോളം ഉള്ള വിവരങ്ങളാണ്. എന്നാൽ ഈ നോട്ടീസിലെ ഏതെങ്കിലും തെറ്റുകൾ, തെറ്റായ പ്രസ്താവനകൾ എന്നിവയ്ക്ക് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കില്ല. (3) ഇ - ലേല വിൽപ്പന ഓൺലൈൻ മുഖാന്തിരം **27-10-2026** രാവിലെ **11.00** മണിക്കും വൈകിട്ട് **05.00** മണിക്കും ഇടയിൽ **https://www.baanknet.com** എന്ന പോർട്ടലിലൂടെ മാത്രമായിരിക്കും നടത്തപ്പെടുക. ലേല വിൽപ്പനയുടെ വ്യവസ്ഥകളും നിബന്ധനകളും കൂടുതൽ അറിയുന്നതിനായി **https://www.baanknet.com & www.pnb.bank.in** എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷണൽ ബാങ്ക്, സെക്യൂർഡ് ക്രെഡിറ്റർ
തീയതി: 08-10-2026, സ്ഥലം: കോഴിക്കോട്

© 2026 All Rights Reserved. Powered by *Summit (http://www.summitindia.com)*